ഇ-ഗവേർണിംഗ് നടപ്പിലാക്കുന്നതിനായുള്ള നടപടി

10 (5670) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേർണിംഗ് നടപ്പിലാക്കുന്നതിനായുള്ള നടപടികളുടെ ഇന്നത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ഇത് നടപ്പാക്കുന്നതിന് ഏതെങ്കിലും സമിതിയെ പഠനത്തിനായി നിയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെന്നും അവയുടെ റിപ്പോർട്ടിലെ ശുപാർശകളെന്തെന്നും അറിയിക്കുമോ ;

(സി) ഈ ശുപാർശകൾ നടപ്പിലാക്കുന്നതിനായി ഏതെങ്കിലും ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഉത്തരവുകൾ നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇ-ഗവേർണൻസ് പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

ഔദ്യോഗിക ഭാഷ

11 (5672) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ഔദ്യോഗിക ഭാഷയായി അംഗീകരിച്ചിട്ടും സർക്കാർ വിജ്ഞാപനങ്ങൾ ഇംഗ്ലീഷിലാണ് ഇറങ്ങുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനങ്ങൾക്കൊപ്പം അവയുടെ മലയാളത്തിലുള്ള വിജ്ഞാപനങ്ങളും പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ വകുപ്പുകൾ, സ്വയംഭരണ-പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly